17627

8190/19

ഭരണഭാഷ - മാതൃഭാഷ

നമ്പർ.2577/19

16-9-2019

ജില്ലാ സാമൂഹ്യനീതിഓഫീസർ,
തൃശ്ശൂർ

ഡപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യുക്കേഷൻ
തൃശ്ശൂർ.

സർ,

വിഷയം; ജില്ലാ സാമൂഹ്യനീതി ഓഫീസ്,തൃശ്ശൂർ- സാമൂഹ്യനീതി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന “സഹചാരി” പദ്ധതിക്ക് വീണ്ടും അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന; 1. സാമൂഹ്യനീതി ഡയറക്ടറുടെ 11.6.2019 ലെ കത്ത്.

2. ഈ ഓഫീസിലെ 30-7-2019 ലെ 2577/19 മേൽനമ്പർ കത്ത്.

ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്തുണയ്ക്കുന്ന NSS/NCC/SPC യൂണിറ്റിനെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന “സഹചാരി” പദ്ധതിയിലേക്ക് അവസാന തീയതി നിശ്ചയിച്ചുകൊണ്ട് അപേക്ഷകൾ ലഭ്യമാക്കുന്നതിനായി സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകുന്നതിനായുള്ള അറിയിപ്പ് നൽകിയിരുന്നു. എന്നാൽ ഈ പദ്ധതിയിലേക്ക് മതിയായ അപേക്ഷകൾ ലഭിക്കാത്തതിനാൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയ്യതി സെപ്തംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യം സ്കൂൾ അധികൃതരെ അറിയിച്ച് ആവശ്യമായ അപേക്ഷകൾ ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളുടെ പകർപ്പ് അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

For ജില്ലാ സാമൂഹ്യനീതി ഓഫീസർ
തൃശ്ശൂർ

8190/19 9.19

# പ്രസിദ്ധീകരണ കുറിപ്പ്

ഭിന്നശേഷിക്കാരായ കുട്ടികളെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പിന്തുണയ്ക്കുന്ന NSS/NCC/SPC യൂണിറ്റിനെപ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സാമൂഹ്യനീതി വകുപ്പ് "സഹചാരി" എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. താഴെ പറയുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള സ്ഥാപനങ്ങളെയാണ് അവാർഡിനായി പരിഗണിക്കുന്നത്.

## പദ്ധതി മാനദണ്ഡങ്ങൾ

1. ഗവണ്മെൻറ് / എയ്ഡഡ്/ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാഭ്യാസ സ്ഥാപനങ്ങളിലെ എല്ലാ ഭിന്നശേഷിക്കാരായ കുട്ടികളെയും പഠനത്തിലും മറ്റ് പ്രവർത്തനങ്ങളിലും സഹായിക്കുന്നതും വിദ്യാഭ്യാസ സ്ഥാപനത്തിനു പുറത്തും ഭിന്നശേഷിക്കാരെയും അവർക്കായി നടപ്പിലാക്കുന്ന മെഡിക്കൽ ക്യാമ്പ് പോലുള്ള പരിപാടികളിലും സഹായം നൽകുന്ന ജില്ലയിലെ മികച്ച മൂന്ന് NSS/NCC/SPC യൂണിറ്റിന് അവാർഡ് നൽകുന്നു.
2. അതാത് സ്ഥാപനം തയ്യാറാക്കുന്ന റിപ്പോർട്ട് സ്ഥാപന മേധാവി ശുപാർശ ചെയ്ത് ഫോട്ടോ സഹിതം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
3. വിദ്യാഭ്യാസ സ്ഥാപനം ഭിന്നശേഷി സൌഹൃദമാക്കുന്നതിന് സഹായിക്കുന്ന യൂണിറ്റിനെയും അവാർഡിനായി പരിഗണിക്കുന്നതാണ്.
4. അവാർഡിനായി അപേക്ഷിക്കുന്ന വർഷത്തിന് തൊട്ടുമുൻപുള്ള പ്രവർത്തനങ്ങളാണ് അവാർഡിനായി പരിഗണിക്കുന്നത്.
5. തെരഞ്ഞെടുക്കപ്പെടുന്ന മൂന്ന് NCC/NSS/SPC യൂണിറ്റുകളിൽ ഒന്നിന് 10000 രൂപ ക്യാഷ് അവാർഡും,Certificate ഉം ഫലകവും നൽകുന്നതാണ്.

താല്പര്യമുള്ള ഗവൺമെൻറ് എയ്ഡഡ് പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ NSS/NCC/SPCയൂണിറ്റ് ഭാരവാഹികൾ ഈ അവാർഡിനു വേണ്ടിയുള്ള അപേക്ഷകൾ സ്ഥാപനമേധാവി മുഖാന്തിരം ചെമ്പൂക്കാവ് മിനിസിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസിൽ സെപ്റ്റംബർ 30 വരെ സ്വീകരിക്കുന്നതാണ് എന്ന വിവരം സൂചിപ്പിക്കാൻ താല്പര്യപ്പെടുന്നു.

ജില്ലാ സാമൂഹ്യനീതി ഓഫീസർ
തൃശൂർ

Scanned by CamScanner